ശ്രീ. എ. താണുപിള്ള : ഈ പള്ളിക്കൂടങ്ങൾ മുഴുവനും വർഷകാലം തുടങ്ങുന്നതിനുമുൻപു ഓല കെട്ടിക്കുന്നതിനു എന്താണു വിഷമം ?

ശ്രീ. എൽ. എം. പൈലി : സാധാരണ നേരത്തെ ഓല കെട്ടും. ചില പ്രാവശ്യം അതു സാധിക്കയില്ല.

ശ്രീ. കെ. എ. മാത്യു : എല്ലാ ആണ്ടുകളിലും ഇങ്ങനെ താമസിച്ചാണു ഓല കെട്ടിക്കൊണ്ടിരിക്കുന്നതെന്നറിയാമൊ ?

ശ്രീ. എൽ. എം. പൈലി : എല്ലാ ആണ്ടുകളിലും അങ്ങിനെയല്ല.

പുതിയ വിദ്യാഭ്യാസപദ്ധതി

*൧൯൫. (൨) ശ്രീ. പി. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ശ്രീ. ഗോവിന്ദമേനോൻ മന്ത്രിപദം വിടുന്നതുവരെ പുതിയ വിദ്യാഭ്യാസപദ്ധതിയനുസരിച്ചു എത്ര മാനേജുമെൻറുകൾ പദ്ധതി സ്വീകരിച്ചു പ്രവർത്തിച്ചുവിട്ടുണ്ടു ;

(ബി) അതിനുശേഷം എത്ര മാനേജുമെൻറുകൾ പദ്ധതി സ്വീകരിച്ചു പ്രവർത്തിച്ചുവിട്ടുണ്ടു ;

(സി) പദ്ധതി സ്വീകരിക്കാത്ത മാനേജുമെൻറുകൾ ഉണ്ടെങ്കിൽ അവ എത്രയാണു ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി) :

(എ) ൪൨൫.

(ബി) ൧൩.

(സി) ൫൨൩.

ശ്രീ. പി. നാണു : ഗവർമ്മെണ്ടിൻെറ വിദ്യാഭ്യാസപദ്ധതി സ്വീകരിക്കാത്ത മാനേജുമെൻറിനെ പദ്ധതിയിൽ കൊണ്ടുവരുന്നതിനായിട്ടു എന്തു നടപടി നടത്തി ?

ശ്രീ. എൽ. എം. പൈലി : അതെപ്പറ്റി നടപടികൾ ഒന്നും എടുത്തിട്ടില്ല.

ശ്രീ. പി. നാണു : അവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ വേണ്ട നടപടിയെടുക്കുമൊ ?

ശ്രീ. എൽ. എം. പൈലി : ഈ കാര്യത്തെപ്പറ്റി ഇതിനുമുൻപിലത്തെ ദിവസം ഞാൻ മറുപടി പറഞ്ഞിട്ടുണ്ടു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : പദ്ധതി സ്വീകരിക്കാത്ത മാനേജുമെൻറിനു ഗവർമ്മെൻറിൽനിന്നും വല്ല സൗജന്യവും ചെയ്തുകൊടുത്തിട്ടുണ്ടൊ ?

ശ്രീ. എൽ. എം. പൈലി : ഇല്ല.

ശ്രീ. പി. നാണു : ചില മാനേജുമെൻറ സ്കൂളുകളിൽ കൂടുതൽ ക്ലാസുകൾ നടത്തിക്കൊള്ളാൻ അനുവാദം കൊടുത്തിട്ടില്ലേ ?

ശ്രീ. എൽ. എം. പൈലി : അങ്ങനെയുണ്ടെങ്കിൽതന്നെ അതൊരു സൗജന്യമല്ല.

ശ്രീ. പി. നാണു : കൂടുതൽ ഗ്രാൻറ വല്ലതും കൊടുത്തിട്ടുണ്ടൊ ?

ശ്രീ. എൽ. എം. പൈലി : ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഈ പദ്ധതിയിൽ ചേരണമെന്നു കാണിച്ചു എല്ലാവർക്കും നോട്ടീസ് കൊടുത്തിട്ടില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൽ. എം. പൈലി : ഇതിനെ സംബന്ധിച്ച് ഒരു പ്രസ്നോട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ആ പ്രസ്നോട്ടിൽ എല്ലാ മാനേജ്മെൻറ സ്കൂളുകളും പദ്ധതിയിൽ ചേരാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ജോസഫ് മാത്തൻ : ഈ പദ്ധതി കമ്പൽസറിയാണോ ?

ശ്രീ. എൽ. എം. പൈലി : കമ്പൽസറിയാണെന്നു പറയാൻ തരമില്ല.

പുതിയ സ്കൂളുകൾ

*൧൯൨. (൧) ശ്രീ. പി. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇക്കൊല്ലം എത്ര പുതിയ സ്കൂളുകൾ ഗവൺമെൻറനുവദിച്ചിട്ടുണ്ട്;

(ബി) തൻമൂലം ഗവൺമെൻറിനു് ഒരു കൊല്ലത്തിൽ ഉണ്ടാകുന്ന ചെലവു കൂടി എത്രയാണു് ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ൧൯൨.

(ബി) ൫൨, ൦൦൦ രൂപ (എസ്റ്റാബ്ലിഷ്മെൻറ ഇനത്തിലും കൺടിൻജൻസി ഇനത്തിലും ഉൾപ്പെടെ)

ശ്രീ. പി. നാണു : ഈ തുക ചെലവാക്കുന്നതു് ഏതു ഇനത്തിൽ നിന്നാണു് ?

ശ്രീ. എൽ. എം. പൈലി : സ്റ്റോറിൻറെ റവന്യൂ ഇനത്തിൽനിന്നാണു്.

ശ്രീ. പി. നാണു : ഈ ആവശ്യത്തിനു നിവൃഹിക്കാൻവേണ്ടിയുള്ള പണം ഗവൺമെൻറിനു ഉണ്ടോ ?

ശ്രീ. എൽ. എം. പൈലി : ഉണ്ടു്.

Sri. P. Balakrishnan Tampi : How many elementary schools are there?

Sri. L. M. Pylee : I will read out the details. Of the 162 schools, sanctioned this year, 98 are private and 64 are departmental schools.

Primary :	Departmental	24
	Private	49
Middle Schools	Departmental	29
	Private	29
High Schools	Departmental	10
	Private	20
Training School	Departmental	1
	Private	Nil.

This is the position.

ശ്രീ. ഏ. താണുപിള്ള : ഈ പറയുന്ന ഹൈസ്കൂളുകളും മുൻപു പറഞ്ഞ പദ്ധതി സ്വീകരിക്കുന്നവയാണോ, അല്ലാത്തതും ഇതിൽ ഉൾപ്പെടുമോ ?

ശ്രീ. എൽ. എം. പൈലി : അല്ലാത്തതും ഇതിൽ ഉണ്ടു്.

ശ്രീ. ഏ. താണുപിള്ള : അല്ലാത്തതു എത്രയുണ്ടു് ?

ശ്രീ. എൽ. എം. പൈലി : അതിനു നോട്ടീസ് വേണം.

ശ്രീ. ഏ. താണുപിള്ള : പുതിയ പദ്ധതിയിൽ ചേരാത്ത സ്കൂളുകളെ ചേർക്കാനുള്ള വല്ല വ്യവസ്ഥയുമുണ്ടോ ?

ശ്രീ. എൽ. എം. പൈലി : അതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കയാണു്.

LIBRARY ARCHIVES Kerala Legislative Assembly